# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 മെയ് 29**

---

## ഇന്റേൺഷിപ്പിന് അവസരം

എം.ജി സർവകലാശാലയിൽ സെർബ് പ്രോജക്ടിൽ റെസിഡെൻസി ഇന്റേൺഷിപ്പിൽ രണ്ടു ഒഴിവുകളിലേയ്ക്കും ഫീൽഡ് ഇന്റേൺഷിപ്പിൽ 15 ഒഴിവുകളിലേയ്ക്കും അപേക്ഷ ക്ഷണിച്ചു.

സെന്റർ ഫോർ മൈഗ്രേഷൻ പോളിസി ആന്റ് ഇൻക്ലൂസീവ് ഗവേണൻസിന്റെ സഹകരണത്തോടെ എം.ജി സർവകലാശാലാ കോളജ് ഡെവലപ്മെന്റ് കൗൺസിലും സെർബ് പ്രോജക്ടും സംയുക്തമായാണ് ഇന്റേൺഷിപ്പ് പ്രോഗ്രാം നടത്തുന്നത്.

താൽപര്യമുള്ളവർക്ക് serbqss@mgu.ac.in എന്ന ഇ-മെയിലിൽ ജൂൺ അഞ്ചിന് വൈകുന്നേരം അഞ്ചു വരെ ബയോഡാറ്റ അയയ്ക്കാം. ഫോൺ: 8714770906

(പി.ആർ.ഒ/39/412/2024)

## പരീക്ഷകൾക്ക് അപേക്ഷിക്കാം

ജൂൺ 14ന് തുടങ്ങുന്ന രണ്ടാം വർഷ അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ ആർക്കിയോളജി ആൻറ് മ്യൂസിയോളജി പ്രോഗ്രാം(2022 അഡ്മിഷൻ റഗുലർ, 2018,2019,2020,2021 അഡ്മിഷനുകൾ സപ്ലിമെൻററി, 2015,2016,2017 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകൾക്ക് ജൂൺ മൂന്നു വരെ ഫീസ് അടച്ച് അപേക്ഷ നൽകാം. ഫൈനോടു കൂടി ജൂൺ അഞ്ചു വരെയും സൂപ്പർ ഫൈനോടുകൂടി ജൂൺ ആറിനും അപേക്ഷ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾ സർവകലാശാലയിൽ.

(പി.ആർ.ഒ/39/413/2024)

## പ്രാക്ടിക്കൽ

മൂന്നാം സെമസ്റ്റർ എംഎസ്സി കമ്പ്യൂട്ടർ സയൻസ്(സിഎസ്എസ് - 2018 അഡ്മിഷൻ സപ്ലിമെൻററി, 2015,2016,2017 അഡ്മിഷനുകൾ മെഴ്സി ചാൻസ്) ജനുവരി 2024 പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ മെയ് 30ന് തൃക്കാക്കര, കെഎംഎം കോളജ് ഓഫ് ആർട്സ് ആൻറ് സയൻസിൽ നടക്കും.

(പി.ആർ.ഒ/39/414/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**